**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന - വടകര നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ഇ.കെ. രാജീവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2082/2016/തസഭവ. തീയതി, തിരുവനന്തപുരം, 05.07.2016.

==========================================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 09.04.2014 ലെ ഇ12(എസ്.സി 48/2013/ കെ.കെ.ഡി) 9149/2014 നമ്പർ കത്ത്.
2) 21.11.2014-ലെ 58554/ഇയു2/14/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) ശ്രീ. ഇ.കെ. രാജീവ് സമർപ്പിച്ച മറുപടി.
4) നഗരകാര്യ ഡയറക്ടറുടെ 30.11.2015, 10.2.2016 തീയതികളിലെ വി2/21392 നമ്പർ കത്തുകൾ.

**ഉത്തരവ്**

വടകര നഗരസഭയിൽ ഡി & ഒ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ.പി. ഭാസ്ക്കരൻ സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് H2-5422/13 നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ലായെന്ന് വിജിലൻസ് വിഭാഗം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദിയായി കണ്ടെത്തിയ ഇ.കെ. രാജീവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ശ്രീ.ഇ.കെ. രാജീവ് കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം നൽകിയ മറുപടിയിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

ശ്രീ. ഇ.കെ. രാജീവ് സമർപ്പിച്ച മറുപടിയും നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട H2-16137/13 (H2-5422/13) നമ്പർ നഗരസഭാ ഫയൽ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീ.കെ.പി. ഭാസ്ക്കരൻ 23.03.2013 ന്റെ ഡി & ഒ ലൈസൻസിന് വേണ്ടിയുള്ള അപേക്ഷ നഗരസഭയിൽ നൽകിയിരുന്നു. എന്നാൽ ലൈസൻസ് അനുവദിക്കുന്നതിനായി ഫീസ് അടവാക്കുന്നതിന് നഗരസഭയിൽ നിന്നും അറിയിപ്പ് നൽകിയിട്ടും യഥാസമയം ഫീസ് അടയ്ക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം കാണിച്ച് അപേക്ഷകനായ ശ്രീ. കെ.പി. ഭാസ്ക്കരൻ 19.09.2013 ൽ ഒരു മാപ്പപേക്ഷ നഗരസഭയ്ക്ക് നൽകിയിട്ടുള്ളതായും തുടർന്ന് ടിയാൻ പിഴയടക്കം 2510/- രൂപ 24.11.2013-ൽ നഗരസഭാ ഫണ്ടിൽ അടച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഇ.കെ. രാജീവിന്റെ ഭാഗത്തു നിന്നുള്ള വീഴ്ച കൊണ്ടല്ല പ്രസ്തുത ഫയലിൽ കാലതാമസം വന്നിരിക്കുന്നതെന്നും, അറിയിപ്പ് ലഭിച്ചിട്ടും ഫീസ് അടവാക്കുന്നതിന് അപേക്ഷകൻ വരുത്തിയ കാലതാമസം കാരണമാണ് അപേക്ഷയിൽ നടപടി

വൈകിയിട്ടുള്ളതെന്നും ബോദ്ധ്യപ്പെട്ടതിനാൽ ശ്രീ. ഇ.കെ. രാജീവിനെതിരെയുള്ള അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.പി. ഭാസ്ക്കരന്റെ അപേക്ഷയുമായി ബന്ധപ്പെട്ട വടകര നഗരസഭയുടെ ഫയൽ പരിശോധിച്ചതിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ഇ.കെ. രാജീവിന്റെ ഭാഗത്തു നിന്നും അപേക്ഷ പരിശോധിച്ച് തീർപ്പാക്കുന്നതിന് മനഃപൂർവ്വമായ വീഴ്ച സംഭവിച്ചതായി കാണാത്ത സാഹചര്യത്തിൽ ടിയാൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (വടകര നഗരസഭയുടെ H2-16137/13 നമ്പർ ഫയൽ ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. ഇ.കെ. രാജീവ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വടകര നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (vide letter no.5212/D1/14/Vig. dated 24.07.2014 and U.O. No. 4023/D1/16/Vig.)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**